പറയേണ്ട കാര്യമില്ല. അതുകൊണ്ട് വിദേശ സർവ്വകലാശാലകൾക്ക് ഇന്ത്യയുടെ വാതായനങ്ങൾ തുറന്നുകൊടുക്കുന്നത് ഇന്ത്യൻ സർവ്വകലാശാലകളുടേയും ഇന്ത്യയുടെ ഉന്നത വിദ്യാഭ്യാസത്തിന്റെയും വളർച്ചയ്ക്ക് ഒട്ടും സ്വീകാര്യമല്ല. കേന്ദ്ര ഗവൺമെന്റിനോട് സംസ്ഥാന ഗവൺമെന്റിന്റെ ഇക്കാര്യത്തിലുള്ള വ്യത്യസ്ത അഭിപ്രായം നാം അറിയിച്ചിട്ടുണ്ട്.

പ്രൊഫ. സി. രവീന്ദ്രനാഥ് : സർ, വിദേശ സർവ്വകലാശാലകൾ ഇന്ത്യയിൽ വന്നാൽ ഇന്ത്യയിൽ നിന്ന് വിദേശത്ത് പഠിക്കാൻ പോകുന്നവർ ഇവിടെത്തന്നെ പഠിക്കും എന്നാണ് പറയുന്നത്. ; ഈ അഭിപ്രായത്തോട് അങ്ങ് യോജിക്കുന്നുണ്ടോ ?

ശ്രീ. എം. എ. ബേബി : ഈ അഭിപ്രായത്തോട് യോജിക്കുന്നില്ല.

IV സബ്മിഷൻ

(1) എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സ്തംഭനാവസ്ഥ

ശ്രീ. എം. മുരളി : സർ, ബഹുമാനപ്പെട്ട ചെയർ പറഞ്ഞതുപോലെ ഞാൻ സബ്മിഷനുള്ള നോട്ടീസല്ല ശ്രദ്ധക്ഷണിക്കലാണ് തന്നത്. അത് ശ്രദ്ധ ക്ഷണിക്കലിനേക്കാൾ കൂടുതൽ ഗൗരവമുള്ള വിഷയമായിട്ട് മാറിയതുകൊണ്ടാണ് അടിയന്തര പ്രമേയത്തിന് റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയത്. നമ്മുടെ സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയിൽ സ്കൂൾ വിദ്യാഭ്യാസ രംഗത്തും കോളേജ് വിദ്യാഭ്യാസ രംഗത്തും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ നൽകിയ സംഭാവന ആർക്കും വിലകുറച്ച് കാണാൻ കഴിയുകയില്ല. അത് ചരിത്രപരമായ ഒരു യാഥാർത്ഥ്യമാണ്. നമ്മുടെ 11,785 സ്കൂളുകളിൽ 7,284 സ്കൂളുകൾ എയ്ഡഡ് മേഖലയിലാണ്. സംസ്ഥാനത്തെ ആർട്സ് ആന്റ് സയൻസ് കോളേജുകൾ 189 എണ്ണമുള്ളതിൽ 150-ഉം എയ്ഡഡ് വിദ്യാഭ്യാസ മേഖലയിലാണ്. സംസ്ഥാനത്തെ സ്കൂളുകളാണെങ്കിലും കോളേജുകളാണെങ്കിലും ഭൂരിപക്ഷം വിദ്യാർത്ഥികളും അധ്യാപകരും എയ്ഡഡ് മേഖലയിലുള്ളവരാണ് എന്നുള്ള യാഥാർത്ഥ്യം ഗവൺമെന്റ് അംഗീകരിക്കുമെന്നാണ് ഞാൻ കരുതുന്നത്. അതുകൊണ്ട് പണ്ടും ഇന്നും എയ്ഡഡ് വിദ്യാഭ്യാസ മേഖല കേരളത്തിന്റെ വിദ്യാഭ്യാസ നവോത്ഥാന മുന്നേറ്റത്തിൽ വഹിക്കുന്ന പങ്ക് ആർക്കും വില കുറച്ചുകാണാൻ കഴിയുകയില്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഏറ്റവും ഒടുവിലത്തെ ഉത്തരവുകൾ ഉൾപ്പെടെ ഡിപ്പാർട്ടുമെന്റ് ഇറക്കിയ ഉത്തരവുകൾ എയ്ഡഡ് വിദ്യാഭ്യാസ മേഖലയെ ഗുരുതരമായ പ്രതിസന്ധിയിലെത്തിച്ചിരിക്കുന്നു. എയ്ഡഡ് സ്കൂളുകളിൽ ഒരു വർഷത്തിൽ കുറഞ്ഞ ഒഴിവുകളിൽ ദിവസക്കൂലിക്കാരെ മാത്രമേ നിയമിക്കാവൂ എന്നുള്ള സർക്കാരിന്റെ ഉത്തരവ് പ്രകാരം കേരളത്തിലെ എയ്ഡഡ് സ്കൂളുകളിൽ ഡെയ്ലി വേജസുകാരായ അധ്യാപകരെക്കൊണ്ട് നിറച്ചിരിക്കുകയാണ്. 12-1-2010-ലെ ഉത്തരവ് അനുസരിച്ച് എയ്ഡഡ് സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകൾ 1:1 പ്രകാരം പ്രൊട്ടക്ടഡ് അധ്യാപകരെക്കൊണ്ട് മാത്രമേ നികത്താവൂ എന്നാണ്. അൺ എക്കണോമിക് സ്കൂളുകൾ അവരുടെ പരിശ്രമംകൊണ്ട് കുട്ടികളുള്ള വിദ്യാലയങ്ങളായി എയ്ഡഡ് മേഖലയിൽ മാറിയാൽ അവിടത്തെ

LIBRARY ARCHIVES Kerala Legislative Assembly

ഒഴിവുകളും പ്രൊട്ടക്ടഡ് അധ്യാപകരെ കൊണ്ടുമാത്രമേ നികത്താവൂ എന്നുള്ള ഉത്തരവ് തികച്ചും അശാസ്ത്രീയമാണ്. ഒരു അധ്യാപകന് റെഗുലർ സർവ്വീസിൽ നിയമനം ലഭിക്കണമെങ്കിൽ അധ്യയന വർഷം ആരംഭിക്കുന്ന ജൂൺ 1-നുതന്നെ സർവ്വീസിൽ കയറണം. ഒരു ദിവസം കഴിഞ്ഞാൽ അവിടെയും ദിവസകൂലിക്കാരനായിട്ടു മാത്രമേ അധ്യാപകൻ വരുള്ളു എന്നതാണ്. എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഴുവൻ ദിവസ കൂലിക്കാരെക്കൊണ്ട് നിറച്ചിരിക്കുന്നു. ഇത് സർക്കാരിന്റെ അശാസ്ത്രീയമായ ഉത്തരവുകൊണ്ടാണ് എന്ന് ഞാൻ പറയുന്നു. 1:40 എന്ന അധ്യാപക-വിദ്യാർത്ഥി അനുപാതം നടപ്പിലാക്കുമെന്ന് പറഞ്ഞിട്ടും അതുസംബന്ധിച്ച് വ്യക്തമായ ഉത്തരവ് ഇറക്കിയിട്ടില്ല. സർക്കാർ എയ്ഡഡ് സ്കൂളുകളിൽ രണ്ട് മലയാളം ഡിവിഷനുകൾ ഉണ്ടെങ്കിൽ മാത്രമേ ഒരു ഇംഗ്ലീഷ് ഡിവിഷൻ അനുവദിക്കുകയുള്ളുയെന്ന ഡി.പി.ഐ.യുടെ ഏറ്റവും ഒടുവിലത്തെ ഉത്തരവ് ഗുണനിലവാരമുള്ള വിദ്യാഭ്യാസം നിഷേധിക്കലാണ് എന്നുകൂടി എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ ഗവൺമെന്റ് 2006-ൽ പുറപ്പെടുവിച്ച ഉത്തരവുപ്രകാരം നാലുവർഷക്കാലമായി സ്ഥിരം ഒഴിവുകളിൽ കേരളത്തിലെ എയ്ഡഡ് സ്കൂളുകളിൽ ഒരു നിയമനംപോലും നടക്കുന്നില്ല. ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം നടപ്പിലാക്കിയതിനെ തുടർന്ന് എയ്ഡഡ് കോളേജുകളിലെ അനദ്ധ്യാപകരുടെ ഏഴ് പോസ്റ്റുകൾ വെട്ടിക്കുറച്ചിരിക്കുകയാണ്. ക്രെഡിറ്റ് സെമസ്റ്റർ സിസ്റ്റം നടപ്പിലാക്കിയ സാഹചര്യത്തിൽ അനദ്ധ്യാപകരുടെ നിയമനം ഇല്ലാതായതോടെ ഈ സിസ്റ്റം മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നില്ല. എയ്ഡഡ് കോളേജുകളിലും ദിവസകൂലിക്കാർ മാത്രമേയുള്ളു. ലൈബ്രേറിയൻമാരുടെ പോസ്റ്റുകൾ എയ്ഡഡ് കോളേജുകളിൽ രണ്ട് ഉണ്ടായിരുന്നത് ഒന്നായി വെട്ടിക്കുറച്ചു. ലൈബ്രറികളുടെ പ്രവർത്തനം സ്തംഭനത്തിലായിരിക്കുകയാണ്. പാഠപുസ്തക വിതരണം പൂർത്തീകരിക്കാൻ ഈ ഗവൺമെന്റിന് മൂന്ന് മാസമായിട്ടും കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസ മേഖലയിൽ ഉണ്ടായിരിക്കുന്ന പ്രതിസന്ധി പരിഹരിക്കാനായി ഈ ഉത്തരവ് ഗവൺമെന്റ് പിൻവലിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): സർ, എന്റെ സുഹൃത്ത് ശ്രീ. എം. മുരളി അധ്യാപകരുടെ പ്രശ്നവും ഏറ്റവും ഒടുവിൽ പാഠപുസ്തക വിതരണത്തിന്റെ പ്രശ്നവുമെല്ലാം ചേർന്ന് സമഗ്രമായി വിദ്യാഭ്യാസ രംഗത്തെ കുറേയധികം പ്രശ്നങ്ങൾ അവതരിപ്പിച്ചിരിക്കുകയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷമാണ് സ്കൂളുകളിലെ അധ്യാപക നിയമന നിരോധന ഉത്തരവ് എടുത്തുകളഞ്ഞത്. എന്നാൽ സ്കൂൾ അധ്യാപക നിയമന നിരോധന ഉത്തരവ് എടുത്തുകളയുമ്പോൾ എയ്ഡഡ് മാനേജുമെന്റുകൾ അത് തങ്ങൾക്ക് ഇഷ്ടംപോലെ കാര്യങ്ങൾ ചെയ്യുന്നതിന് ഉപയോഗിക്കാൻ പാടില്ലായെന്ന ജാഗ്രതയും ഈ ഗവൺമെന്റ് പുലർത്തിയിരുന്നു. ഗവൺമെന്റ് ഈ ജാഗ്രത പുലർത്തിയത് ഗവൺമെന്റിന്റെതന്നെ തിരിച്ചറിവിന്റെ ഭാഗമായിട്ടാണ്. ബഹുമാനപ്പെട്ട ഹൈക്കോടതി ഇതുസംബന്ധിച്ച് ചില നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതും ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്. ഗവൺമെന്റ് 2005-ൽ സ്കൂൾ അധ്യാപക നിയമന നിരോധന ഉത്തരവ് എടുത്തുകളഞ്ഞുകൊണ്ട് ആവശ്യത്തിന് അധ്യാപകരെ ലഭ്യമാക്കാനുള്ള തീരുമാനം കൈക്കൊണ്ടപ്പോൾ ഗവൺമെന്റ് ഒരു കാര്യം വ്യക്തമാക്കുകയുണ്ടായി. പല സ്കൂളുകളിലും മാനേജർമാർ നിയമന നിരോധനം നിലനിന്ന കാലഘട്ടത്തിൽ നിയമനങ്ങൾ നടത്തുകയുണ്ടായി. അതിനെല്ലാം അംഗീകാരം കിട്ടണമെന്നാണ് എയ്ഡഡ് സ്കൂൾ മാനേജുമെന്റ് ആവശ്യപ്പെട്ടത്. ബഹുമാനപ്പെട്ട എം. മുരളി, എയ്ഡഡ് സ്കൂൾ മാനേജുമെന്റുകളുടെ ഭാഗത്ത് നിന്നുള്ള എന്തെങ്കിലും അരുതായ്മകളെ ന്യായീകരിക്കുന്ന ആളാണെന്ന് ഞാൻ വിചാരിക്കുന്നില്ല; അദ്ദേഹം ഒരിക്കലും അത്തരമൊരു സമീപനം എടുക്കില്ല എന്നു മാത്രമല്ല അത്തരം കാര്യങ്ങളിൽ ഗവൺമെന്റ് എടുക്കുന്ന നിലപാടിന് ഉറച്ച പിന്തുണ നൽകുമെന്നുള്ള കാര്യവും എനിക്കറിയാം. ഇല്ലാത്ത ഒഴിവുകളിൽ അധ്യാപകരെ നിയമിക്കുന്നതുപോലെയുള്ള ചില തെറ്റുകൾ ചില മാനേജുമെന്റുകളുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നുണ്ട്. എയ്ഡഡ് മാനേജുമെന്റുകളിൽ ചിലർ വരുത്തുന്ന ചില തെറ്റായ രീതികളുണ്ട്. അത് തടയാൻ ഉത്തരവാദിത്വബോധത്തോടുകൂടിയുള്ള സമീപനമാണ് ഈ ഗവൺമെന്റ് എടുക്കുന്നത്. നിയമന നിരോധനം നിലനിന്ന കാലഘട്ടത്തിൽ യഥാർത്ഥത്തിൽ ആ സ്കൂളുകളിൽ വിദ്യാർത്ഥികളുണ്ടാകുകയും ഡിവിഷൻ വർദ്ധിക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അത് കൃത്യമായി ബോധ്യപ്പെട്ടാൽ ആ സ്ഥാനങ്ങളിലേക്ക് നിയമിച്ച അധ്യാപകർക്കെല്ലാം അംഗീകാരം കൊടുക്കാനാണ് ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ ഉണ്ടായിരുന്ന ഒഴിവുകളിൽ നിയമിച്ചതിനെ മുഴുവൻ അംഗീകരിച്ചുകൊടുക്കാൻ തയ്യാറാണ്. പക്ഷേ അങ്ങനെ എത്ര അധ്യാപകരെയാണോ അവിടെ നിയമിക്കാൻ അനുവാദം കൊടുക്കുന്നത്, ഭാവിയിൽ അവിടെ അത്തരം അധ്യാപകരുടെ ഒഴിവുണ്ടായാൽ പ്രൊട്ടക്ടഡ് അധ്യാപകരെ നിയമിക്കണം. വളരെ ഉദാരമായ ഈ സമീപനം ധനകാര്യ വകുപ്പുമൊക്കെയായി ചർച്ച ചെയ്തിട്ടാണ് എടുത്തത്. അങ്ങനെ ഉദാരമായ ഒരു സമീപനം എടുത്തിട്ടും അതുപോരാ, മറ്റു ചില ദുരുദ്ദേശങ്ങൾകൂടി നടക്കണമെന്ന മട്ടിൽ ചില മാനേജുമെന്റുകൾ നടക്കുന്നുണ്ട്. അതിനോട് സഹകരിക്കാൻ കഴിയുകയില്ല.

അടുത്തതായി പറയാനുള്ളത് കോളേജ് മേഖലയിലെ സ്ഥിതിയാണ്. 23-6-2008-ലെ സർക്കാർ ഉത്തരവിലൂടെ എയ്ഡഡ് കോളേജ് അധ്യാപക നിയമനവുമായി ബന്ധപ്പെട്ടുണ്ടായിരുന്ന നിരോധനവും ഈ ഗവൺമെന്റ് എടുത്തുകളയുകയുണ്ടായി. ഇതിന്റെ ഫലമായി 642 എയ്ഡഡ് കോളേജ് അധ്യാപക തസ്തികകൾക്കാണ് ഈ ഗവൺമെന്റ് വന്നതിനുശേഷം അനുവാദം നൽകിയിട്ടുള്ളത്. പിന്നെ ബഹുമാനപ്പെട്ട അംഗം എം. മുരളി ഉന്നയിച്ചത് അൺഎക്കണോമിക് സ്കൂളുകൾ എന്ന് തെറ്റായി വിശേഷിപ്പിക്കപ്പെടുന്ന സ്കൂളുകളിലെ അവസ്ഥയാണ്. അവിടെ ചില പ്രയാസങ്ങളുണ്ട്.

ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെയുള്ള ചില പ്രശ്നങ്ങളുണ്ട്. അത് പരിഹരിക്കാൻ സാധ്യമായത്ര വേഗത്തിൽ ഗവൺമെന്റ് നടപടികൾ കൈക്കൊള്ളും. ഇപ്പോൾ അധ്യാപക നിയമനവുമായി ബന്ധപ്പെട്ട് അക്കാദമിക വർഷം നിർണ്ണയിക്കുന്നതിൽ ചില സാങ്കേതിക പ്രശ്നങ്ങളുണ്ട്. ഇതു സംബന്ധിച്ച കേസ് സുപ്രീം കോടതിയിൽ ഇരിക്കുകയാണ്. സുപ്രീം കോടതി ഈ കേസ്സിൽ വിധി പറയുന്ന മുറയ്ക്ക് ഉചിതമായ നടപടികൾ ഗവൺമെന്റ് കൈക്കൊള്ളും.

അടുത്തതായി ബഹുമാനപ്പെട്ട അംഗം പാഠപുസ്തക വിതരണവുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ഉന്നയിച്ചത്. ഈ സഭയിൽത്തന്നെ ഇത് നേരത്തെ ചർച്ച ചെയ്തതാണ്. പാഠപുസ്തക വിതരണം സംബന്ധിച്ച പരാതികൾക്ക് കൃത്യമായി എപ്പോൾ പരിഹാരം കണ്ടെത്താൻ കഴിയുമെന്ന് വ്യക്തമാക്കണമെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ആവശ്യപ്പെട്ടു. ജൂലൈ മാസം അവസാനിക്കുന്നതോടുകൂടി ഇതുമായി ബന്ധപ്പെട്ട എല്ലാ പ്രശ്നങ്ങൾക്കും പൂർണ്ണമായ പരിഹാരം കണ്ടെത്തുമെന്നാണ് ഉറപ്പ് നൽകിയത്. ഗവൺമെന്റ് ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ മുഴുവൻ കൈക്കൊണ്ടിട്ടുണ്ട്. അതേസമയം ചില സ്കൂളുകളിലെ ചില ക്ലാസ്സുകളിൽ ചില പുസ്തകങ്ങൾ കിട്ടിയിട്ടില്ലെന്ന് ചില പരാതികൾ ഇപ്പോൾ ലഭിക്കുന്നുണ്ട്. അതും പരിശോധിച്ച് പരിഹരിക്കാൻ നടപടികൾ കൈക്കൊള്ളും.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, അങ്ങ് പറഞ്ഞ മറുപടിയിൽ ഈ രംഗത്തുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുമെന്ന് പറഞ്ഞതിനെ ഞാൻ സ്വാഗതം ചെയ്യുകയാണ്. മാനേജുമെന്റിന്റെ ഭാഗത്തുനിന്ന് ഏതെങ്കിലും വിധത്തിലുള്ള തെറ്റുകൾക്ക് ഗവൺമെന്റ് കൂട്ടുനിൽക്കണമെന്ന് ഞങ്ങൾ പറയുന്നില്ല. പക്ഷേ യഥാർത്ഥ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ നിയമന നിരോധന ഉത്തരവ് ഞങ്ങൾ പിൻവലിച്ചു എന്ന് അങ്ങ് പറഞ്ഞത് അൽപ്പമൊന്ന് വളച്ചൊടിച്ചാണ്. അതിനു മുമ്പുള്ള ഗവൺമെന്റിന്റെ കാലംതൊട്ട് നിലനിന്നിരുന്ന നിയമന ഉത്തരവ് ഇല്ലാതെയാക്കി അതുവരെയുള്ള എല്ലാ പോസ്റ്റുകൾക്കും അംഗീകാരം കൊടുത്തുകൊണ്ട് ഒരൊറ്റ അധ്യാപകനും അംഗീകാരം കിട്ടാതിരിക്കുന്ന സാഹചര്യം ഒഴിവാക്കിക്കൊണ്ട്, മുഴുവൻ പേർക്കും അംഗീകാരം കൊടുത്തുകൊണ്ട് ഇറക്കിയ ഓർഡറിന്റെകൂടെ 2005-ൽ ഒന്നുചേർത്തു. ഇനി നിയമനം കൊടുക്കുന്നത് ഗവൺമെന്റുകൂടി അറിഞ്ഞുകൊണ്ടുമാത്രമേ ആകാവൂ. അതുവരെ ചെയ്യാൻ പാടില്ല. അതുവരെയുള്ള എല്ലാപേർക്കും അംഗീകാരം കൊടുത്തു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 11 ഹൈസ്കൂളുകൾ, ഒരു പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ എന്നുള്ള നിഗമനത്തിലേ അനുവദിച്ചുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ആ 11 ഹൈസ്ക്കൂളുകളിലും കൂടി 63 അധ്യാപകർ. അത് ഗവൺമെന്റിന് നിഷേധിക്കാൻ പറ്റുകയില്ല. മാനേജുമെന്റ് കൃത്രിമം കാണിച്ചതൊന്നുമല്ല. ഒരു പഞ്ചായത്തിൽ ഒരു ഹൈസ്ക്കൂൾ എന്നുള്ള തത്വം ഗവൺമെന്റ് അംഗീകരിച്ച് നിയമിച്ച 63 അധ്യാപകർക്ക് ഇന്നുവരെ ശമ്പളം കിട്ടിയിട്ടില്ല. സർ, ഇവിടെ പറഞ്ഞ അൺ-ഇക്കണോമിക് സ്ക്കൂളുകളുടെ, പ്രശ്നങ്ങൾ

10.00 A.M.] എന്താണെന്ന് ഗവൺമെന്റ് ആലോചിച്ച് ചെയ്താൽ മതി. അൺ-ഇക്കണോമിക് സ്ക്കൂളുകളിൽ ഗവൺമെന്റ് ഉദ്ദേശിച്ചത്രയും കുട്ടികളില്ലെന്നുള്ളത് ശരിയാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തും ഈ പ്രശ്നമുണ്ട്. അവിടെ കുട്ടികളുണ്ട്. അദ്ധ്യാപകർ പഠിപ്പിക്കുന്നുണ്ട്. അവരുടെ പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരമുണ്ടാക്കാമെന്നുള്ളതും ആലോചിക്കണം. അതുപോലെ തന്നെ ഗസ്റ്റ് അദ്ധ്യാപകനിയമനങ്ങൾ ഒഴിവാക്കാൻ പറ്റുമോയെന്നുള്ളതും നോക്കണം.

<u>ശ്രീ. എം. എ. ബേബി</u> : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് മൂന്ന് കാര്യങ്ങളാണ് പറഞ്ഞത്. ഒന്ന്, പതിനൊന്ന് പഞ്ചായത്ത് സ്ക്കൂളുകളിലെ 63 അദ്ധ്യാപകരുടെ നിയമനത്തിന്റെ പ്രശ്നം. രണ്ടാമത്തേത്, അതിഥി അദ്ധ്യാപകരുടെ പ്രശ്നമാണ്. മറ്റൊന്ന്, അൺ-ഇക്കണോമിക് സ്ക്കൂളുകൾ എന്ന് വിശേഷിപ്പിക്കപ്പെടുന്ന സ്ക്കൂളുകളുടെ പ്രശ്നമാണ്. ഇത് മൂന്നും ഗൗരവത്തോടുകൂടി പരിഹരിക്കാൻ വേണ്ട നടപടി ഗവൺമെന്റ് കൈക്കൊള്ളും.

(2) താലിബാൻ മോഡൽ സമാന്തര കോടതികളുടെ പ്രവർത്തനം

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : സർ, എന്റെ അറിവിൽപ്പെട്ടിടത്തോളം നമ്മുടെ സംസ്ഥാനത്ത് പല സ്ഥലങ്ങളിലായി പോപ്പുലർ ഫ്രണ്ടിന്റെ നേതൃത്വത്തിലുള്ള 'ദാറൽ ഖദ' എന്നു പറയുന്ന കോടതികൾ പ്രവർത്തിക്കുന്നതായി അറിയുന്നു. .....(തടസ്സം).....ഞാൻ ഇത് പറയുന്നതിനു മുമ്പുതന്നെ .....

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട മെമ്പറെ പറയാൻ അനുവദിക്കൂ.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u> : ഞാൻ രാഷ്ട്രീയമായിട്ടല്ല ഈ കാര്യം പറഞ്ഞത്. ഞാൻ അതിന് ഉദ്ദേശിക്കുന്നില്ല. എതായാലും ഞാൻ ഒന്നേ പറയുന്നുള്ളൂ. 'തലസ്ഥാനത്ത് മതകോടതികൾ കൂടി പതിനഞ്ച് കേസുകൾ തീർപ്പാക്കി'; മാതൃഭൂമി 20-7-2010. അതിനൊക്കെ മുമ്പ് വീക്ഷണം പത്രവും, ഈ കാര്യം റിപ്പോർട്ടു ചെയ്തു. അവരാണ് ഈ കാര്യം ആദ്യം റിപ്പോർട്ട് ചെയ്തത്, 'താലിബാൻ മോഡൽ കോടതികൾ'; 11-7-2010-ന് വീക്ഷണം പത്രം എഴുതി. എന്നുമാത്രമല്ല തൊടുപുഴയിൽ ന്യൂമാൻ കോളേജിലെ അദ്ധ്യാപകൻ ശ്രീ. ടി. ജെ. ജോസഫിന്റെ കൈപ്പത്തി വെട്ടിമാറ്റിയ സംഭവത്തെ കുറിച്ച് അന്വേഷിക്കുന്ന സംഘത്തിന് ഒരു സുപ്രധാന വിവരം ലഭിച്ചിട്ടുണ്ടത്രേ.

LIBRARY ARCHIVES Kerala Legislative Assembly